## പ്രത്യാശ പദ്ധതി - Standard Operating Procedure ( SOP)

1. ഓരോ ജില്ലയിലെയും സർക്കാർ/സർക്കാരിതര പുനരധിവാസ സ്ഥാപനങ്ങളിലേയും ഇതരസംസ്ഥാനക്കാരായവരുടെ വിവരങ്ങൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ/ ജില്ലാ സാമൂഹ്യനീതി ഓഫീസർ ചുമതലപ്പെടുത്തുന്ന സ്ഥാപന സൂപ്രണ്ട് ശേഖരിച്ച് ആയത് നിശ്ചിത പ്രോഫോർമയിൽ ബന്ധപ്പെട്ട പദ്ധതിപ്രകാരം എംപാനൽ ചെയ്തിരിക്കുന്ന NGO യ്ക്ക് കൈമാറുന്നതാണ്.
2. പ്രത്യാശ പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനത്തെ മൂന്നു മേഖലകളായി തിരിച്ച് ഓരോ മേഖലയിലും ഒരു NGO യെ പദ്ധതി പ്രകാരം എംപാനൽ ചെയ്യുന്നതാണ്. ദക്ഷിണ മേഖലയുടെ ചുമതലയുള്ള NGO തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ജില്ലകളിലെയും മധ്യമേഖലയുടെ ചുമതലയുള്ള NGO കോട്ടയം, ഇടുക്കി , എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെയും ഉത്തരമേഖലയുടെ ചുമതലയുള്ള NGO മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിലെയും പുനരധിവാസ പ്രവർത്തനങ്ങളുടെ ചുമതല വഹിക്കേണ്ടതാണ്.
3. ബന്ധപ്പെട്ട NGO, സോഷ്യൽ വർക്കറുടേയും ഭാഷാ സഹായിയുടേയും സഹായത്താൽ ടി വ്യക്തികളുടെ സ്വന്തം സംസ്ഥാനം / ദേശം കണ്ടെത്തുകയും ടി സംസ്ഥാനത്തെ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ പ്രൊബേഷൻ ഓഫീസർമാർ / പോലീസ് അധികാരികൾ എന്നിവരുമായി ചർച്ച ചെയ്ത് വ്യക്തിയെ അവരുടെ ബന്ധുക്കളോ മറ്റ് സർക്കാർ / സർക്കാരിതര സ്ഥാപനങ്ങളിലോ സ്വീകരിക്കുന്നതിനുള്ള സമ്മതപത്രം ലഭ്യമാക്കി ഇവരെ സ്വന്തം കുടുംബത്തിലേയ്ക്ക് / സ്വദേശത്തേയ്ക്ക് എത്തിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കാവുന്നതാണ്.

ഇതര സംസ്ഥാനക്കാരായി വിവിധ പുനരധിവാസ സ്ഥാപനങ്ങളിൽ.4 പ്രവേശിപ്പിയ്ക്കപ്പെടുന്ന ആളുകളുടെ വിവരങ്ങൾ 48 മണിയ്ക്കൂറിനുള്ളിൽ ജില്ലാ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് സെല്ലിന് കൈമാറേണ്ടതും മിസ്സിംഗ് പേഴ്സൺസ് വെബ് പോർട്ടലിൽ പ്രസ്തുത വിവരങ്ങൾ അപ്ലോഡ് ചെയ്തുവെന്ന് ഉറപ്പു .വരുത്തേണ്ടതുമാണ്

5. സ്ഥാപനത്തിലെ എല്ലാ പ്രവേശനവും വിടുതലും രേഖാമൂലം ആയിരിക്കേണ്ടതും പ്രവേശിക്കപ്പെട്ട വ്യക്തിയുടെ ലഭ്യമായ വിവരങ്ങളും ഫോട്ടോയും സഹിതം സ്ഥാപനം ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണോ സ്ഥിതി ചെയ്യുന്നത് ആ പോലീസ് സ്റ്റേഷനിൽ 24 മണിയ്ക്കൂറിനുള്ളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആളുകളുടെ പ്രവേശനവും വിടുതലും സംബന്ധിച്ച വിവരങ്ങൾ എല്ലാ മാസവും 5–ാം തീയതിയ്ക്ക് മുൻപായി ജില്ലാ സാമൂഹ്യനീതി ഓഫീസ്, ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർ എന്നിവർക്ക് സമർപ്പിയ്ക്കേണ്ടതാണ്.
6. കുടുംബത്തെ കണ്ടെത്തിയാൽ ശരിയായ ബന്ധുക്കൾ തന്നെയാണെന്ന് പരിശോധന നടത്തേണ്ടതുണ്ട്. ഇതിലേയ്ക്ക് പോലീസ്, റവന്യൂ, സാമൂഹ്യനീതി വകുപ്പ് എന്നീ സംവിധാനങ്ങളുടെ സഹായം തേടാവുന്നതാണ് . ബന്ധുക്കളെ കണ്ടെത്തുന്നതിന് സർക്കാർ/ സർക്കാർഅംഗീകൃത സർക്കാരിതര സ്ഥാപനങ്ങളുടെ സഹായം സ്വീകരിക്കാവുന്നതുമാണ്.
7. വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നവരുടെ ലിസ്റ്റ് സ്ഥാപനം സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷന് നിർബന്ധമായും നൽകേണ്ടതും പോലീസ് എസ്കോർട്ട് ആവശ്യമുള്ള പക്ഷം ആയത് ഉറപ്പ് വരുത്തേണ്ടതും ഇതിലെയ്ക്കുള്ള ചിലവുകൾ പദ്ധതി പ്രകാരമുള്ള കംപോണന്റിനുള്ളിൽ നിറുത്തി

വിനിയോഗിക്കാവുന്നതുമാണ്.

സ്ഥാപനത്തിൽ ഒരു മാനേജ്മെന്റ് കമ്മിറ്റി നിർബന്ധമായും ഉണ്ടായിരിക്കണം ..8 സ്ഥാപത്തിലെ പ്രവേശനവും വിടുതലും മാനേജ്മെന്റ് കമ്മിറ്റിയിൽ .തീരുമാനമെടുത്തതിനു ശേഷം മാത്രമായിരിക്കണം നടത്തേണ്ടത്

9. ഈ പദ്ധതി പ്രകാരം വിവിധ സംസ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കപ്പെടുന്നവരുടെ ഫോളോ അപ്പ് ഉറപ്പ് വരുത്തേണ്ടതാണ്. ആദ്യ രണ്ടു വർഷത്തെ ഫോളോ അപ്പിനായി ആദ്യത്തെ ഒരു മാസം എല്ലാ ആഴ്ചയിലും, അതു കഴിഞ്ഞ് മാസത്തിലൊരിക്കൽ / രണ്ടു മാസത്തിലൊരിക്കൽ / മൂന്നു മാസത്തിലൊരിക്കൽ ഫോളോ അപ്പ് ചെയ്യേണ്ടതാണ്. ഇപ്രകാരം ടി പദ്ധതി പ്രകാരമുള്ള പുനരധിവാസം കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ കഴിയുന്നതാണ്.
10. പുനരധിവസിപ്പിക്കപ്പെടുന്ന വ്യക്തികൾക്ക് പുനരധിവാസത്തിനുശേഷവും മരുന്നും മറ്റ് കാര്യങ്ങളും ലഭിയ്ക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തണം . ലഭിയ്ക്കുന്നില്ലെങ്കിൽ ആയതിന് വേണ്ട സംവിധാനങ്ങൾ എൻ.ജി.ഒ കൾ ഒരുക്കിക്കൊടുക്കേണ്ടതാണ്.
11. പദ്ധതി പ്രകാരം ഏറ്റെടുക്കുന്ന വ്യക്തികളെ കാണാതാവുകയാണെങ്കിൽ DLSA, RDO, കാണാതായ സ്ഥല പരിധിയിലെ പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിൽ രേഖാമൂലം റിപ്പോർട്ട് ചെയ്യേണ്ടതും ഈ കാര്യത്തിൽ മിസ്സിംഗ് കേസ് രജിസ്റ്റർ ചെയ്ത് കാണാതായ ആളെ കണ്ടെത്തുന്നതിന് സാധ്യമായ രീതിയിലുള്ള അന്വേഷണം പോലീസ് ചെയ്യുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
12. സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്നതും വിടുതൽ ചെയ്യുന്നതും പ്രത്യാശ പദ്ധതി പ്രകാരം പുനരധിവസിപ്പിയ്ക്കുന്നതുമായ ഇതര സംസ്ഥാനക്കാരുടെ ഡേറ്റാ ബേസ് നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി സൂക്ഷിയ്ക്കണം. ( പേര്, വിലാസം, ലഭിച്ച സ്ഥലം, പ്രവേശിപ്പിക്കപ്പെട്ട തീയതി , ജെൻഡർ, വയസ്സ് , പുനരധിവസിപ്പിയ്ക്കുന്ന സംസ്ഥാനം- ജില്ല- പ്രദേശം , വിടുതൽ ചെയ്യുന്ന തീയതി, Escort പോയവരുടെ വിവരങ്ങൾ, ഫോളോ അപ്പ് ആക്ഷൻ )
13. സാമൂഹ്യനീതി വകുപ്പിനു കീഴിൽ പ്രവർത്തിയ്ക്കുന്ന മാനസ്സിക / ശാരീരിക / ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരെ പാർപ്പിയ്ക്കുന്ന സർക്കാർക്ഷേമ സ്ഥാപനങ്ങളിൽ പാർപ്പിച്ചിരിക്കുന്നതും കുടുംബാംഗങ്ങൾ ഏറ്റെടുക്കുവാൻ യാതൊരുവിധ സാധ്യതയുമില്ലാത്തതും ആയവരെ സംസ്ഥാനത്തിനുള്ളിൽ പ്രവർത്തിയ്ക്കുന്ന ഭിന്നശേഷി അവകാശ നിയമപ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ളതും സർക്കാർ ഗ്രാന്റ് ലഭിയ്ക്കുന്നതുമായ NGO സ്ഥാപനങ്ങളിൽ sanctioned strength അധികരിയ്ക്കാത്ത വിധത്തിൽ കൃത്യമായ വ്യക്തിഗത പരിപാലന പദ്ധതിയുടെ അടിസ്ഥാനത്തിൽ പുനരധിവസിപ്പിയ്ക്കാവുന്നതാണ്.
14. പദ്ധതി നടപ്പാക്കൽ നിരീക്ഷിയ്ക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് ടി പദ്ധതി വിലയിരുത്താവുന്നതാണ്.
15. ജില്ലാ സാമൂഹ്യനീതി ഓഫീസർ ജില്ലാതല കമ്മിറ്റി വിളിച്ചു ചേർത്ത് ഈ പദ്ധതി പ്രകാരം എംപാനൽ ചെയ്ത ഫണ്ട് അനുവദിച്ച NGO നടത്തിയ പ്രവർത്തനങ്ങളുടെ ത്രൈമാസ അവലോകനം നടത്തേണ്ടതും പദ്ധതി പ്രകാരം പുനരധിവസിപ്പിച്ചവരുടെ വിശദാംശങ്ങൾ , ഇതിലേയ്ക്കുള്ള ധനവിനിയോഗം എന്നിവ പരിശോധിച്ച് അംഗീകാരം നൽകി സാമൂഹ്യനീതി ഡയറക്ടർക്ക് നൽകേണ്ടതാണ്.
16. സംസ്ഥാന കമ്മിറ്റി ആറുമാസത്തിലൊരിയ്ക്കൽ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്ത് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ